പതിനാലാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്തചോദ്യം<br>നം. 293 | 25.04.2017 ൽ മറുപടി<br>നല്കേണ്ടത്. |
|---|---|

**ഭക്ഷ്യസുരക്ഷാ പരിശോധനകൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.പി.കെ.ബഷീർ** | | **ശ്രീമതി .കെ.കെ. ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യ നീതിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ഭക്ഷ്യവസ്തുക്കൾ മിക്കതും ഗുണമേന്മയില്ലാത്തതും ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുന്ന വിഷവസ്തുക്കളും മറ്റും ഉപയോഗിച്ചുണ്ടാക്കുന്നവയുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഇല്ല. |
| ബി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇക്കാര്യത്തിൽ എന്ത്നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കുമോ; ഭക്ഷ്യ വസ്തുക്കൾ, മത്സ്യം, പച്ചക്കറികൾ മുതലായവ വിറ്റഴിക്കുന്ന സ്ഥാപനങ്ങളിൽ എപ്പോഴൊക്കെയാണ് പരിശോധന നടത്താറുള്ളത്; | ബി) | ഭക്ഷ്യസുരക്ഷാ വകുപ്പ് ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനുവേണ്ടി സ്ഥിരമായി സാമ്പിളുകൾ ശേഖരിച്ച് ലാബുകളിൽ എത്തിച്ച് പരിശോധന നടത്താറുണ്ട്. ഇത്തരം പരിശോധനകളിൽ ഗുണമേൻമ ഇല്ലെന്ന് കണ്ടെത്തുന്ന ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിച്ചുവരുന്നു.<br>മത്സ്യം, പച്ചക്കറികൾ മുതലായവ വിൽക്കുന്ന സ്ഥാപനങ്ങളിൽ സ്ഥിരമായി പരിശോധന നടത്തിവരുന്നു. ഇതുകൂടാതെ ചെക്ക് പോസ്റ്റുകളിൽ കൂടി കടന്നുവരുന്ന വാഹനങ്ങളിൽ നിന്നും പച്ചക്കറികളുടെ സാമ്പിളുകൾ പരിശോധിക്കാറുണ്ട്. ഓണം, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ആഘോഷവേളകളിൽ സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് പരിശോധന കർശനമാക്കിവരുന്നു. |
| സി) | കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സംസ്ഥാന ത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് നടത്തിയ പരിശോധനകൾ, സ്ഥാപനങ്ങളുടെ വിശദാം ശം എന്നിവ ജില്ല തിരിച്ച് ലഭ്യമാക്കുമോ; | സി) | കഴിഞ്ഞ ആറു മാസത്തിനുള്ളിൽ സംസ്ഥാനത്ത് ഭക്ഷ്യ സുരക്ഷാവകുപ്പ് വിവിധ ജില്ലകളിലായി 4110 (നാലായിരത്തി ഒരുനൂറ്റി പത്ത്) സ്ഥാപനങ്ങളിൽ പരിശോധനകൾ നടത്തിയിട്ടുണ്ട്. ആയതിന്റെ ജില്ല തിരിച്ചിട്ടുള്ള വിവരം ചുവടെചേർക്കുന്നു.<br>തിരുവനന്തപുരം - 512<br>കൊല്ലം - 447 |

| | | | |
|---|---|---|---|
| | | | പത്തനംതിട്ട - 123<br>ആലപ്പുഴ - 420<br>കോട്ടയം - 600<br>ഇടുക്കി - 279<br>എറണാകുളം - 961<br>തൃശ്ശൂർ - 231<br>പാലക്കാട് - 41<br>മലപ്പുറം - 26<br>കോഴിക്കോട് - 112<br>വയനാട് - 158<br>കണ്ണൂർ - 55<br>കാസർഗോഡ് - 145<br>സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |
| ഡി) | എവിടെയെങ്കിലും പരാതികളോ മറ്റോ ഉണ്ടാവുമ്പോൾ മാത്രം നടത്തുന്ന പരിശോ ധനകൾ കൂടാതെ കൃത്യമായ ഇടവേളകളിൽ എല്ലാ സ്ഥാപനങ്ങളിലും പരിശോധന നടത്തുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് കർശന നിർദ്ദേശം നൽകുമോ? | ഡി) | ഭക്ഷ്യ സുരക്ഷാ വകുപ്പ് കൃത്യമായ ഇടവേളകളിൽ, സ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ട്. |

(signature)

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**